File No.LSGD-IA4/159/2018-LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ട്രിഡ - പാളയം 'സി' ബ്ലോക്ക് (റീഹാബിലിറ്റേഷൻ ബ്ലോക്ക്) നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി 10,50,000/- രൂപ "2217-05-191-36-35" എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1480/2020/ത.സ്വ.ഭ.വ**

തീയതി,തിരുവനന്തപുരം, 09/08/2020

---

പരാമർശം:- 1. 05/09/2014-ലെ സ.ഉ.(സാധാ.) നം.2357/2014/ത.സ്വ.ഭ.വ.

2. 30/09/2015-ലെ സ.ഉ.(സാധാ.) നം.2974/2015/ത.സ്വ.ഭ.വ.

3. 28/03/2018-ലെ സ.ഉ.(സാധാ.) നം. 51/2018/ഫിൻ.

4. ട്രിഡ സെക്രട്ടറിയുടെ 09/07/2018, 22/02/2019 എന്നീ തീയതികളിലെ എഫ്3-605/2018/ട്രിഡ നമ്പർ കത്തുകൾ.

5. 25/06/2020-ലെ സ.ഉ.(സാധാ.) നം. 3870/2020/ഫിൻ.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം പാളയം 'സി' ബ്ലോക്ക് (റീഹാബിലിറ്റേഷൻ ബ്ലോക്ക്) നിർമ്മാണത്തിനായി 1.25 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പരാമർശം (2) പ്രകാരം ട്രിഡയ്ക്ക് തുക അനുവദിക്കുകയും ചെയ്തിരുന്നു. ടി തുകയിൽ ചെലവഴിക്കാതെ ട്രിഡയുടെ സേവിംഗ്സ് അക്കൗണ്ടിൽ (ടിപിഎ 19) മാർച്ച് 2018-ൽ ശേഷിച്ച തുകയായ 83,79,956/- രൂപ പരാമർശം (3) പ്രകാരം സർക്കാർ തിരികെ എടുത്തിരുന്നു. പദ്ധതിക്കായി അനുവദിച്ചിരുന്ന ടി തുക തിരികെ ലഭ്യമാക്കണമെന്ന് പരാമർശം (4) പ്രകാരം ട്രിഡ സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാളയം 'സി' ബ്ലോക്ക് (റീഹാബിലിറ്റേഷൻ ബ്ലോക്ക്) നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി (settlement of pending claims) 10,50,000/- രൂപ 2020-21 സാമ്പത്തിക വർഷത്തെ "2217-05-191-36-35" എന്ന ബജറ്റ് ശീർഷകത്തിൽ

അധികധനാനുമതി (authorization of additional expenditure) ആയി പരാമർശം (5) പ്രകാരം അനുവദിച്ചിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ, പാളയം 'സി' ബ്ലോക്ക് (റീഹാബിലിറ്റേഷൻ ബ്ലോക്ക്) നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി 10,50,000/- രൂപ (പത്ത് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) 2020-21 സാമ്പത്തിക വർഷത്തെ "2217-05-191-36-35" എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ടി തുക നടപ്പ സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപ് തന്നെ "Reappropriation of Savings" മുഖേന റഗലറൈസ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ പ്രസ്തുത ശീർഷകത്തിന്റെ നിയന്ത്രണാധികാരി (Controlling Officer) യഥാസമയം സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി മോൾ ഡി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ), തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ/ഇ.&ആർ.എസ്.എ), കേരള, തിരുവനന്തപുരം
ധനകാര്യ (ഡവ.) വകുപ്പ് (ഡെവ.2/245/2018/ധന തീയതി 03/07/2020)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ